# മേഘച്ചിറകിലേറി .........

## Govt.Technical H S Vatakara

2019-20

ഡിജിറ്റൽ മാഗസിൻ

യാതൊരു പ്രതിബന്ധങ്ങളുമില്ലാതെ ആകാശത്തിൽ പാറിനടന്ന് സാങ്കേതികതയുടെ ജാലവിദ്യ തൊട്ടറിയാനുള്ള വടകര ടെക്നിക്കൽ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികളുടെ ഒരു എളിയ ശ്രമം. സ്കൂളിലെ കുട്ടികളുടെ കവിതകൾ ,കഥകൾ ഞങ്ങളുടെചിത്രകാരന്മാരുടെ സർഗവാസനകൾ ,സ്കൂളിലെ പ്രധാന പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഈ മാഗസിനിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. "മേഘച്ചിറകിലേറി ........"ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ സമക്ഷത്തിങ്കലേക്ക്.........

ചീഫ്എഡിറ്റർ

ഞങ്ങളുടെ വിദ്യാലയത്തിലേക്ക് ...............................................





## ആശംസ

ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വടകരയിലെ ലിറ്റിൽകൈറ്റ് അംഗങ്ങളുടെ ഡിജിറ്റൽ രംഗത്തേക്കുള്ള ഈ കാൽവെപ്പ് സ്ഥാപനത്തിന് മുതൽക്കൂട്ടായും അതിലുപരി വിദ്യാർത്ഥികൾക്ക് ഐ.ടി പഠനത്തിൽ വ്യക്തിപരമായും നേട്ടങ്ങളുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു

സൂപ്രണ്ട്, ജി.ടി.എച്ച്.എസ്സ്.വടകര



**കൈറ്റ് മാസ്റ്റർ**

**ദിനേശ് കുമാർ . ഒ**



**കൈറ്റ് മിസ്ട്രസ്സ്**

**ഷീബ കെ**

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ



ദേവാംഗ്

സബ് എഡിറ്റർ



വിനായക് വിജയൻ



സഞ്ജു



ശ്രീറാം



സിദാൻ സുനിൽ



ശ്രീരാഗ്



വിഷ്ണു

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ
# 2019-20





സ്കൂൾ ജെ.ആർ .സി യൂണിറ്റ്



# നല്ലതും ചീത്തയും

പണ്ട് ഒരിക്കൽ ഒരു വയലിന്റെ എതിർഭാഗങ്ങളിലായി രണ്ടു പെൺകുട്ടികൾ താമസിച്ചിരുന്നു . അതിൽ ഒരാൾ നല്ല കുട്ടിയും മറ്റേതു വളരെ മോശം കുട്ടിയും ആയിരുന്നു.ഒരിക്കൽ ആ നല്ല കുട്ടി വയലരികിൽ നടക്കുമ്പോൾ ഒരു പരിക്ക് പറ്റിയ കിളിയെ കണ്ടു  അവൾ അതിനെ എടുത്ത് വീട്ടിൽ കൊണ്ടുപോയി നല്ലതു പോലെ പരിപാലിച്ചു . മുറിവുകൾ ഉണങ്ങി .കുറച്ചു ദിവസം കഴ്ഞ്ഞു അതിനെ പറത്തി വിട്ടു കുറച്ചു ദിവസം കഴിഞ്ഞ് അത് തിരികെ വന്നു അപ്പോൾ അതിന്റെ കൊക്കിൽ ഒരു വിത്ത് ഉണ്ടായിരുന്നു . ആ കുട്ടി വിട്ടു കുഴിച്ചിട്ടു ,വിട്ടു വളർന്നു അതിൽ ഒരു വലിയ ഉരുണ്ട പഴം ഉണ്ടായി അത് രണ്ടായി പിളർന്നപ്പോൾ അതിൽ നിറയെസ്വർണ്ണനാണയങ്ങളായിരുന്നു അവൾ അത് വിറ്റു പണക്കാരിയായി . ഇതെല്ലം മറ്റേ കുട്ടിഇതെല്ലംകാണുന്നുണ്ടായിരുന്നു അവൾ ഇതേപോലെതന്നെ പറന്നുകൊണ്ടിരിക്കുന്ന പക്ഷിയെ എറിഞ്ഞ് താഴെ വീഴത്തി അതിനെ പരിപാലിച്ചു . പിറ്റേ ദിവസം അതും ഒരു വിട്ടു കൊണ്ടക്കൊടുത്തു . അത് കുഴിച്ചിട്ടുണ്ടായപ്പോൾ കിട്ടിയ കായ പിളർന്നപ്പോൾ കണ്ടത് അതിൽ നിറയെ പാമ്പുകളായിരുന്നു . പിന്നീടൊരിക്കലും അവൾ ഒരു പക്ഷിയെയും ഉപദ്രവിച്ചിട്ടില്ല .

സഞ്ജു എസ്



# സൂര്യൻ

കാലത്തു നേരം പുലരുംമുന്പേ
വീടിനുമുന്പിൽ തെളിയുന്ന ദീപം
നാടാകെ വെളിച്ചം പരത്തി നടക്കുന്ന
നാട്ടിലെ കണ്ണിലുണ്ണിയായ ദീപം
വിളകൾക്ക് ഗുരുവായി മഴയത്തു
തണലായി മായാത്ത ദീപമാണ് -
ഈ കണ്ണിലുണ്ണി
ആകാശത്തു വെളിച്ചം മായും
മുൻപേ കോപിച്ചു പോകും ആ
കണ്ണിലുണ്ണി
പതിവായി കണ്ടീടും തെക്കൻ -
ആകാശത്തിൽ സിന്ദൂരനിറം
പാകി ഒരിക്കലും മായാത്ത ദീപമാണ് -
ഈ കണ്ണിലുണ്ണി

വിവേക്
9A





ഷാഹിസ് ഷെറീഫ്
**9B**

# മലിനമാക്കപ്പെട്ട നദി

മലയരികിലായി ഒരു തടാകം ഉണ്ടായിരുന്നു .അതിനരികിൽ താമസിച്ചിരുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും ജീവിതാശ്രയമായിരുന്നു ആ നദി. അതിനപ്പുറമായി ഒരു വിനോദസഞ്ചാരകേന്ദ്രമുണ്ടായിരുന്നു . എല്ലാ ദിവസവും വൈകുന്നേരങ്ങളിലായി ധാരാളം കുട്ടികളും മുതിർന്നവരും അവിടെ എത്തും . അവർ കഴിക്കുന്ന ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്റ്റിക് കവറുകളും എല്ലാം അവർ ആ ജലാശയത്തിലേക്ക് വലിച്ചെറിയും . ഇതിന്റെ കഷ്ടപ്പാടുകൾ അനുഭവിച്ചിരുന്നതു മറു വശത്തു താമസിച്ചിരുന്ന മൃഗങ്ങളായിരുന്നു കുറച്ചു ദിവസങ്ങൾക്കു ശേഷം ആ തടാകം മുഴുവനും മലിനമായി പിന്നീടുള്ള ദിവസങ്ങളിൽ പാർക്കിലേക്കുള്ള ആളുകൾ കുറഞ്ഞു കുറഞ്ഞു വന്നു. കുളിക്കാനും കുടിക്കാനുമുള്ള ജലം മലിനമായതുടെ മറു വശത്തു താമസിച്ചിരുന്ന മൃഗങ്ങൾ മറ്റു ജലാശയങ്ങൾ തേടി പോയി. പിന്നീടൊരിക്കലും അവർ ആ നദിക്കരയിലേക്കു അവരുടെ കൂട്ടുകാരെ കാണാൻ വന്നിട്ടില്ല .

സഞ്ജു എസ്

# കഴിവും ഭാഗ്യവും

ഒരിക്കൽ രണ്ടു മുക്കുവർ കടലിൽ മീൻ പിടിക്കാൻ പോയി .
ഇരുവരും വളരെ സമർത്ഥരായ മുക്കുവന്മാരായിരുന്നു .
പല തവണ ശ്രമിച്ചിട്ടും അവർക്കു ഒരു ചെറിയ മൽസ്യത്തെപ്പോലും
പിടിയ്ക്കാൻ കഴിഞ്ഞില്ല .ഒടുവിൽ നിരാശരായി സ്വയം പഴിച്ചുകൊണ്ട്
അവർ വഞ്ചിയിൽ കുത്തി ഇരുന്നു .
അപ്പോൾ ഒരു മൽസ്യം അവരുടെ വള്ളത്തിലേക്ക് ചാടി
വീണു മുക്കുവർ അത്ഭുതപ്പെട്ടുപോയി വലിയൊരു മത്സ്യത്തിന്റെ
പിടിയിൽ നിന്നും രക്ഷപെടാൻ ആ ചെറിയ മൽസ്യം ഉയർന്ന്
ചാടിയതു മുക്കവരുടെ വെള്ളത്തിലായി പോയതാണ് .ആ ചെറിയ
മത്സ്യത്തെ കൈയിലെടുത്തുകൊണ്ട് മുക്കവർ വിചാരിച്ചു കഴിവിനും
സാമർഥ്യത്തിനും നേടിത്തരാൻ കഴിയാത്തതു പലതും ഭാഗ്യം നേടിത്തരും

വിനായക്
9B

വീഡിയോ ഗ്രാഫി കൈറ്റിൻ കൈകളിലൂടെ .............




BY SIDAN SUNIL


BY SIDAN SUNIL


# അമ്മ

രാവിലെ കാലത്തു നേരം പുലരുംമുന്പേ
ചായയുമായി എത്തീടുമമ്മ
കുളിച്ചൊരുങ്ങി മേശയിൽ പോയി ഇരിക്കും -
മുൻപേ ഭക്ഷണം മേശയിൽ വെക്കും 'അമ്മ .
വൈകീട്ട് വീട്ടിൽ എത്തിടും വരെ
എന്നെയും നോക്കി ഇരിക്കുമമ്മ
എത്തുന്ന നേരത്തു കൈകാലുകൾ കഴുകി
ചോറിനു വന്നീടാൻ പറയുമമ്മ
രാത്രി ഉറക്കമൊഴിച്ചു പഠിക്കുന്ന നേരത്തു
അമ്മയും എന്നോട് ഒപ്പമുണ്ടാകും
ഞാൻ വയറുനിറച്ചു ഭക്ഷണം കഴിച്ചാലേ
അമ്മയുടെ മനസ്സ് നിറയുകയുള്ളു
കാലം എത്ര കഴിഞ്ഞാലും അമ്മയുടെ-
സ്നേഹംപോലെ സത്യമായുള്ളൊരു -
സ്നേഹം കണ്ടിലൊരിക്കലും

സഞ്ജു എസ്








G

SIDAN SUNIL
9A

## സംസ്ഥാന ടെക്നിക്കൽ സ്കൂൾ കലോത്സവത്തിൽ മികച്ച സ്ഥാനങ്ങൾ കരസ്ഥമാക്കിയപ്പോൾ















# രണ്ടു തവളകൾ

പുഴക്കരികിൽ പാറകൾക്കിടയിൽ രണ്ടു തവളകൾ ജീവിച്ചിരുന്നു. അവർ പരസ്പരം സഹായിച്ചിരുന്നു .ഒരു ദിവസം രണ്ടു തവളകൾ വഴക്കിട്ട് പിരിഞ്ഞ് കാടിന്റെ രണ്ടുവശത്തേക്കും പോയി . സാദാരണയായി രണ്ട് പേരും എന്തങ്കിലും കാര്യത്തിൽ പിരിഞ്ഞാൽ രാത്രി വീട്ടിൽ വരുകയാണ് പതിവ് എന്നാൽ ഇത്തവണ ഒരാൾ മാത്രം വന്നില്ല രണ്ടാമത്തെ മറ്റേ തവളെയും നോക്കി കാടിനുള്ളിലേക്കു  ചാടി പോയി.

കാടിനകത്തു പോയപ്പോൾ തവള കണ്ടതു ഒരു പാമ്പും തന്റെ സുഹൃത്തായ തവളയും മല്ലിടുന്നു . രണ്ടാമത്തെ തവള വേഗം ചാടി പോയി മറ്റേ തവളയെ സഹായിച്ചു .ഒടുവിൽ രണ്ടു തവളയും പമ്പുകാണാറെ ഒരു പൊത്തിൽ കയറി ഒളിച്ചു . അവർ പമ്പിൽ നിന്നു രക്ഷപെട്ടു ചാടി ചാടി വീട്ടിലേക്കു പോയി .പിന്നീടൊരിക്കലും അവർ വഴക്കിട്ടില്ല

വിഷ്ണു
9B

**WATER IS PRECIOUS DO NOT**
**TE WATER**








KIRAN M J

## റോബോട്ടിക്സിൽ മികച്ച നേട്ടം



**കൈറ്റിന്റെ ക്യാമറയിലൂടെ ചില നിമിഷങ്ങൾ ............**













# പ്രസംഗം

## പ്ലാസ്റ്റിക് മലിനീകരണം

ബഹുമാനപെട്ട അദ്ധ്യാപകരെ ,നാട്ടുകാരെ,പ്രിയപ്പെട്ട കൂട്ടുകാരെ . ഞാൻ ഇന്നു ഇവിടെ പറയാൻ പോകുന്നത് പ്ലാസ്റ്റിക് മലിനീകരത്തെ കുറിച്ചാണ്. നമ്മൾ ഇന്ന് കണ്ടു വരുന്ന ഏറ്റവും വലിയ പ്രശ്നമാണ് പ്ലാസ്റ്റിക് മലിനീകരണം . ഇതിന്നൊക്കെ കാരണം നമ്മൾ മനുഷ്യരാണ്.നമ്മൾ പുഴകളെയും ,കാടുകളെയും നശിപ്പിക്കുന്നു .മണ്ണിൽ ഒരിക്കലും നശിക്കാത്ത വസ്തുവാണ് പ്ലാസ്റ്റിക് .ഈ പ്ലാസ്റ്റിക്കാണ് നമ്മൾ മണ്ണിൽ വലിച്ചെറിയുന്നത്. അതുകൂടാതെ നമ്മൾ അത് കത്തിക്കുകയും ചെയ്യുന്നു . നമ്മുടെ വീട്ടിൽ എന്തങ്കിലും സാധങ്ങൾ വാങ്ങിയാൽ നമ്മൾ അത് വലിച്ചിയുന്നു കുറച്ചു കഴിഞ്ഞാൽ അതിൽ കൊതുകു മുട്ടയിടുന്നു ,അത് കാരണം ദാരാളം രോഗങ്ങൾ പിടി പെടുന്നു . നമ്മൾ പുഴയിൽപ്ലാസ്റ്റിക് വലിച്ചെറിയുന്നു അങ്ങനെ പുഴ നശിക്കാൻ കാരണമാകുന്നു പ്ലാസ്റ്റിക്ക്കൊണ്ടേഉപയോഗത്തെക്കാൾ ഉപദ്രവമാണ് ഉള്ളത് .അതുകൊണ്ട് നമ്മൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക . ഇത്രയും പാഞ്ഞുകൊണ്ട് ഞാൻഎന്റെ വാക്കുകൾനിര്ത്തുന്നു

നന്ദി ,

നമസ്കാരം

Devang s v
9 a

# മഴ

മഴ മഴ മഴ മഴ വന്നു മാനത്തിനൊരു മഴ വന്നു ....

മഴ മഴ മഴ

മഴ മഴ മഴ

മഴ മഴ മഴ മഴ വന്നു മാനത്തിനൊരു മഴ വന്നു ....

മലയുടെ മുകളിൽ തങ്ങാതെ മാളിക മുകളിൽ തങ്ങാതെ

മഴ മഴ മഴ മഴ മഴ വന്നു ... മാനത്തിനൊരു മഴ വന്നു ....

മഴ മഴ മഴ വന്നു ...ചെടികൾക്കുത്സവമായി വന്നു ...

മഴ മഴ മഴ മഴ

മഴ മഴ മഴ മഴ

മലയുടെ മുകളിൽ തങ്ങാതെ , വീടിനുമുകളിൽ തങ്ങാതെ

മഴ മഴ മഴ മഴ വന്നു ... മന്നതിനൊരു മഴ വന്നു ...

മഴ മഴ മഴ മഴ വന്നു ....

ചെടികൾക്കുത്സവമായി  വന്നു ...

ചെടികൾക്കുത്സവമായി  വന്നു ...

ARYANANDA

# നാടൻ ആനയും കാട്ടാനയും

ഒരു ദിവസം കാട്ടാനയും നാട്ടിലെ ആനയും തമ്മിൽ കണ്ടുമുട്ടി .നാട്ടിലെ ആന തിന്നുകൊഴുത്തു മിനുത്തിരുന്നു കാട്ടാന നന്നേ മെലിനിട്ടും .കാട്ടാനെയ്ക്കു തിന്നാൻ ഒന്നും കിട്ടാറില്ല . ഒരിക്കൽ ആ ആന കാണുന്നത് നാട്ടിലെ ആന അവന്റെ യജമാനന് വേണ്ടി പണിയെടുക്കുന്നതാണ് അത് കണ്ടപ്പോൾ ആ ആനക്ക് സങ്കടം തോണി .ആ ആന കഠിന പ്രയത്നമാണ് ചെയ്യുന്നത് ,അതായതു ആ ആന അവന്റെ മൊതലാളിയെയും അവന്റെ സാധങ്ങളും ആ ആനയുടെ മുകളിൽ കയറ്റി കൊണ്ടുപോകുന്നു .അതുകാണാൻ ആ കാട്ടാനെയ്ക്കു തോന്നിയില്ല അവന്റെ മനസ്സ് നൊന്തു .അപ്പോൾ അവൻ ചിന്ദിക്കുകയാണ് എല്ലാത്തിനും നല്ലതു കാട്ടിൽ ജീവിക്കുന്നതാണ്

sreeram

## ഹരിത ക്ലബ് പ്രവർത്തന സജ്ജമായപ്പോൾ .....











# പനിനീർ

പനിനീർപുഷ്പ്പമേ നിന്നെ കാണാൻ ഏന്തു ഭംഗി
നിന്റെ സുഗന്ധം പരത്തുന്ന പൂവിൽ
നിന്നെ എന്തരു വാസനയാണ് ..
നിന്റെ മുഖത്തിന്റെ ഭംഗിയുടെ രഹസ്യം
ഒന്നു പറയാമോ
വണ്ടുകൾ നിന്നെ ചുറ്റി പറക്കുന്നത് കാണാൻ
ഇന്ദു മനോഹരമാണെന്നറിയാമോ
നിന്റെ ഉള്ളികിലെ സ്നേഹം തുളുമ്പുന്ന
മനസിനെയാണെനിക്കിഷ്ട്ടം ..
നിന്റെ ഭംഗിയെ ഞാൻ മാതാവിന്റെ
ഭംഗിയെയായിട്ടാണ് കാണുന്നത്
പനിനീർ പുസ്പമേ നിന്നെ കാണാൻ
എന്തു ഭംഗി

Devang s v

9 A

# വെയിൽ

വെയിലെ വെയിലെ നീ പോകരുതേ
നിന്റെ പുഞ്ചിരി ഇളകുന്ന മനസ്സിൽ
ഞാൻ നനഞ്ഞു പോയി
നീ പോകരുതേ ....
നിന്റെ  കൊട്ടും ചൂട് -
കാറ്റു വീശരുതേ
നീയാണ് നമ്മുടെ
ഭയം അകറ്റാൻ സഹായിക്കുന്ന
ഏക മാർഗം ..
വെയിലെ നീ പോകരുതേ ........

Devang S V

# മാഹിക്കാരൻ

മഹി എന്ന് പറയുന്ന സ്ഥലത്തു പവി എന്ന് പറയുന്ന ഒരാൾ ഉണ്ടായിരുന്നു .അയാൾ അയാളുടെ ഭാര്യയേയും മക്കളെയും കുടിച്ചു വന്ന് തല്ലുമായിരുന്നു ഒരു ദിവസം അയാൾ ഉറങ്ങിക്കൊണ്ടിരിക്കുമ്പൾ ഒരു ശബ്ദം കേട്ടു .അവൻ ചെന്നുനോക്കിയപ്പോൾ അത്ഭുദപ്പെട്ടുപോയി ദാ ഭഗവൻ അവിടെ പ്രത്യകഷപെട്ടു അപ്പോൾ ഭഗവൻ അയാൾക്കേ ദർശനം കൊടുത്തു അതിനുശേശം അയാൾ അവന്റ കുടി നിർത്തി .നല്ലരു വീട്ടുടമയായി ജീവിച്ചു


ABHINAV


# ഊമപ്പെണ്ണ്

പാടവറമ്പത്ത് ഓടിനടക്കുമ്പോൾ
എന്താണ തോന്നുന്നത് ഊമപെണ്ണേ
കൺമണിയെ ഒന്ന് പാടിപ്പാടി എന്റെ മനസ്സിലെ
പൈങ്കിളിയേ..
മണ്ണപ്പം ചുട്ടതും മാമ്പൂപെറുക്കി  നടന്നവരെല്ലേടി
നമ്മൾ രണ്ടും
കൺമണിയെ ഒന്ന് പാടിപ്പാടി എന്റെ മനസില്ലെ
പൈങ്കിളിയെ ....
കൺമണിയെ ഒന്നേ പാടിപ്പാടി എന്റെ മനസിലെ
പൈങ്കിളിയെ ...
എന്തു മറന്നാലും ,ആരെ മറന്നാലും നിന്നെ -
മറക്കില്ല പൊന്നു മോളെ ....
കൺമണിയെ ഒന്ന് പാടിപ്പാടി എന്റെ മനസിലെ
പൈങ്കിളിയെ ....
കൺമണിയെ ഒന്ന് പാടിപ്പാടി എന്റെ മനസിലെ
പൈങ്കിളിയെ...

Adwaith T K
9 A

ഡിജിറ്റൽ പൂക്കള മത്സരത്തിൽ നിന്ന് .........



# കൃഷിയായനിധി

ഒരിടത്ത് ... ഒരു കാശ്കാരനായ കൃഷിക്കാരൻ ഉണ്ടായിരുന്നു.

അവർക്ക് മൂന്ന് മക്കളായിരുന്നു . തൻ മരിക്കാനായി എന്ന വിവരം
അവർ മനസ്സിലാക്കിയ ശേഷം അവരെ മൂന്ന് പേരേയും വിളിച്ചു
നിങ്ങൾ ആ ഭൂമിയൊന്നും വിൽക്കരുത് അത് പൂർവികന്മാർ കൈമാറുന്നതാണ്
ആ ഭൂമിയുടെ ഉള്ളിൽ ഏതൊരു സ്ഥലത്ത് നിധിയുണ്ടെന്നു പറഞ്ഞു
അവരുടെ അച്ഛൻ മരിച്ചശേഷം അവർ ആ നിധി തപ്പാൻ വേണ്ടിപോയി
കുറെ തപ്പിയിട്ടും അവർക്കു അത് കിട്ടിയില്ല പിന്നെ അവർ എന്തായാലും
വിത്തു കുഴിച്ചിടാം എന്ന് വിചാരിച്ചു പിറ്റേന്ന് രാവിലെ അതു കുറച്ചു വലുതായി

കുറേ ദിവസം കഴിഞ്ഞ് അവർ അതെല്ലാം വിറ്റു കുറേ കാശ് സമ്പാദിച്ചു .
അപ്പോൾ അവർക്കു മനസിലായി അവരുടെ അച്ഛൻ പറഞ്ഞ നിധി
അതാണെന്നേ

അദ്നാൻ റഷീദ്









(

സംസ്ഥാന ശാസ്ത്രമേളയിൽ ............








# കടൽ

തിരകളെ നോക്കി
തീരവും ഞാനും
ആഴിതൻ മണൽപ്പരപ്പിനുള്ളിൽ
ദുഃഖങ്ങളകറ്റി
ഞാൻ
തിരകളെ നോക്കി
ഈ കടൽ നമ്മൾ
കൊന്നു കുഴിക്കുന്നു
എല്ലാകേടും നിധിയും -മാറണമെന്നതിൽ
മാറണമെന്നതിൽ വലിച്ചെറിഞ്ഞ്
അറിവതെ മത്സ്യം
നമ്മൾകിരതന്നെ
എല്ലാം കഴിക്കും കുടിക്കും മാറണമെന്നതിൽ
ഒടുവിൽ ഞാൻ കീഴടങ്ങി മാറണമെന്നതിൽ

**ആദിത്യൻ ജി കെ**

# നന്ദിപൂർവം

ആകാശ പറവകളെപ്പോലെ മേഘചിറകിലേറി , ടെക്നോളജിയുടെ മായാജാലം കണ്ടെത്താൻ ഞങ്ങളോടൊപ്പം പ്രവർത്തിച്ച സൂപ്രണ്ട് രാധാമണി ടീച്ചർ ,കൈറ്റ് മാസ്റ്റർ ദിനേശൻ സാർ ,കൈറ്റ് മിസ്ട്രസ് ഷീബ ടീച്ചർ ,മറ്റ് അധ്യാപകർ ,വിദ്യാർത്ഥികൾ .......എല്ലാവരോടും ഞങ്ങളുടെ കടപ്പാട് അറിയിക്കുന്നു

ലൈറ്റിൽകൈറ്റ് അംഗങ്ങൾ